പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 195 23.03.2012 ൽ മറുപടിയ്ക്ക്

കേരളം ഒഡീഷയിൽ തുടങ്ങാൻ ഉദ്ദേശിച്ച താപനിലയം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ബാബു എം.പാലിശ്ശേരി<br>ശ്രീ. എ. കെ. ബാലൻ<br>ശ്രീ. ബി. ഡി. ദേവസ്സി<br>ശ്രീ. കെ. ദാസൻ | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) | |
| (എ) | മുൻസർക്കാരിന്റെ കാലത്ത് കേരളം ഒഡിഷയിൽ തുടങ്ങാൻ ഉദ്ദേശിച്ച താപനിലയത്തിന്റെ പ്രവർത്തനഘടനയിൽ എന്തെങ്കിലും മാറ്റം വരുത്താൻ ഈ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; | (എ) | ബൈതരണിയിൽ നിന്നുള്ള കൽക്കരി ഉപയോഗപ്പെടുത്തി ഒറീസ്സയിൽ താപവൈദ്യുതി നിലയം സ്ഥാപിക്കാൻ മുൻ സർക്കാരിന്റെ കാലത്ത് തീരുമാനിച്ചിരുന്നില്ല. |
| (ബി) | മുൻസർക്കാർ പൊതു മേഖലയിൽ ആരംഭിക്കാൻ ഉദ്ദേശിച്ച നിലയത്തിന്റെ പ്രവർത്തനം സ്വകാര്യമേഖലയുടെ പങ്കാളിത്തത്തിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; | (ബി) | പ്രസക്തമല്ല |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത നിലയം പ്രവർത്തനക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചു വെന്ന് വിശദമാക്കാമോ? | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ബൈതരണിയിൽ നിന്നുള്ള കൽക്കരി ഉപയോഗിച്ച് ഒരു വൈദ്യുതി നിലയം സ്ഥാപിക്കുന്നതിനുള്ള വിവിധ സാധ്യതകൾ സർക്കാരും, കേരള സംസ്ഥാന വൈദ്യുതിബോർഡും പരിശോധിച്ചു. 2011 മെയ് 30 ന് തിരുവനന്തപുരത്ത് വച്ച് സംസ്ഥാന വൈദ്യുതി വകുപ്പ് മന്ത്രി കേന്ദ്ര ഊർജ്ജ സഹമന്ത്രിയുടെ സാന്നിധ്യത്തിൽ ഇക്കാര്യം ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്തു. അതിനുശേഷം 2011 സെപ്തംബർ 24-ന് മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ തിരുവനന്തപുരത്തു വച്ച് ഒറീസ്സ, |

ഗുജറാത്ത് സർക്കാരുകളുടെ പ്രതിനിധികളുമായി നടത്തിയ ചർച്ചയെ തുടർന്ന് ഒറീസ്സ സർക്കാരുമായി ചേർന്ന് 2000 മെഗാവാട്ട് ശേഷിയുള്ള ഒരു താപവൈദ്യുത നിലയം ഒറീസ്സയിൽ സംയുക്തമായി സ്ഥാപിക്കാൻ തീരുമാനമെടുത്തിട്ടുണ്ട്. ഉത്പാദിപ്പിക്കുന്ന വൈദ്യുതിയുടെ പകുതി, അതായത് 1000 മെഗാവാട്ട് വൈദ്യുതി കേരളത്തിന് ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. ഇതു സംബന്ധിച്ച് ഒറീസ്സാ സർക്കാരുമായി ചർച്ച ചെയ്തശേഷം ഒരു ധാരണാപത്രം ഒപ്പുവയ്ക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ